# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം*- 686560

***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2026 ജൂലൈ 18**

---

## എം.ജി.യു പി.ജി./ബി.എഡ്. ഏകജാലകം: രണ്ടാംഘട്ട പ്രത്യേക അലോട്ട്മെന്റ്

*മഹാത്മാഗാന്ധി സർവകലാശാല പി.ജി., ബി.എഡ്. ഏകജാലക പ്രവേശനത്തിന്റെ രണ്ടാംഘട്ട പ്രത്യേക അലോട്ട്മെന്റിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം ജൂലൈ 21-ന് വൈകുന്നേരം 5.00 മണി വരെ ലഭ്യമാണ്. വെബ് സൈറ്റ് - രമു.ാഴൗ.മര.ശി*

*(പി.ആർ.ഒ/660/2026)*

## സ്പോട്ട് അഡ്മിഷൻ

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക ്സിൽ എം.എസ്.സി. ഡാറ്റാ സയൻസ് ആൻറ് അനലിറ്റിക്സ് കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റും, എസ്.ടി വിഭാഗത്തിൽ ഒരു സീറ്റും,* EWS *വിഭാഗത്തിൽ ഒരു സീറ്റും ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 21, 22 തീയതികളിൽ രാവിലെ 10.30 നും ഉച്ചയ്ക്ക് 12.30 നും ഇടയിൽ സർവകലാശാലാ കൺവർജെൻസ് അക്കാദമിയ കോംപ്ലക്സിലെ സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സിൽ (റൂം നമ്പർ 520) നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ -8304870247, 7561087631 ഇമെയിൽ -*sda@mgu.ac.in

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻറ് സ്പോർട്സ് സയൻസസിലെ എം.പി.ഇ.എസ്. പ്രോഗ്രാമിൽ നിലവിലുള്ള 20 ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രോസ്പെക്ടസ്*

*പ്രകാരം യോഗ്യതയുള്ള വിദ്യാർത്ഥികൾ ജൂലൈ 20-ന് രാവിലെ 7 മണിക്ക് പഠനവകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള കായികക്ഷമതാ പരീക്ഷയും അന്നേ ദിവസം തന്നെ നടക്കും. ഫോൺ: 0481-2731020.*

*(പി.ആർ.ഒ/661/2026)*

## പരീക്ഷാഫലം

*മൂന്നാം സെമസ്റ്റർ എംഎ ഇക്കണോമിക്സ്, ബിസിനസ്സ് ഇക്കണോമിക്സ്, ഡവലപ്പ്മെൻറ് ഇക്കണോമിക്സ്, ജേർണലിസം ആൻറ് മാസ്സ് കമ്മ്യൂണിക്കേഷൻസ്, എംഎസ്.സി സൈബർ ഫോറൻസിക്ക്സ്, അപ്ലൈഡ് ഇലക്ട്രോണിക്സ് (2024 അഡ്മിഷൻ പരാജയപെട്ടവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 31 വരെ ഓൺലൈനിൽ  അപേക്ഷിക്കാം.*

*-----------------*

*രണ്ടാം സെമസ്റ്റർ എംഎസ്.സി. സുവോളജി, അപ്ലൈഡ് കെമിസ്ട്രി (2017, 2018 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 1 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.*

*-----------------*

*ഒന്നും രണ്ടും സെമസ്റ്റർ (സിബിസിഎസ്എസ്) (2012 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ) ഏപ്രിൽ 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 1 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.*

*----------------*

*മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോഇൻഫോമാറ്റിക്സ് (2024 അഡ്മിഷനിൽ തോറ്റവർക്ക് മാത്രമായുള്ള സ്പെഷൽ റീ അപ്പിയറൻസ്) മാർച്ച് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 1 വരെ ഓൺലൈനായി അപേക്ഷിക്കാം.*

*(പി.ആർ.ഒ/662/2026)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎ ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, സിനിമ ആൻറ് ടെലിവിഷൻ, പ്രിൻറംഗ് ആൻറ് ഇലക്ട്രോണിക് ജേർണലിസം (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 27 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*-----------------*

*രണ്ടാം സെമസ്റ്റർ എംഎസ്.സി സൈബർ ഫോറൻസിക്ക് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 23 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*-----------------*

*രണ്ടാം സെമസ്റ്റർ എംഎസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 20 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*---------------*

*രണ്ടാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി (സി എസ് എസ് – 2025 അഡ്മിഷൻ റെഗുലർ/ 2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ് / 20202024 അഡ്മിഷൻ റീ–അപ്പിയറൻസ് /2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) ബിരുദ പരീക്ഷ മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2026 ജൂലൈ 21 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ വച്ച് നടത്തുന്നതായിരിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/663/2026)*

## വൈവ വോസി

*ആറാം സെമസ്റ്റർ സിബിസിഎസ് പൊളിറ്റിക്കൽ സയൻസ് മോഡൽ–1 (2023 അഡ്മിഷൻ പരാജയപെട്ടവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷയുടെ പ്രൊജക്റ്റ്/വൈവ വോസി പരീക്ഷകൾ ജൂലൈ 27 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/664/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ